www.wadirahma.org

Lead Square
WADIRAHMA

# WADI VOICE
## Students Bulletin

ലക്കം1 ഒക്റ്റോബർ 2020
Published By : The Students Union, Lead Square Wadirahma

# തൗഹീദ്
# വിശ്വാസത്തിന്റെ അടിത്തറ.



ഇസ്‌ലാമിക വിശ്വാസത്തിൻറെ അടിസ്ഥാനശിലയാണ് 'തൗഹീദ്'. അഥവാ അള്ളാഹു ഏകനാണ് എന്ന വിശ്വാസം . 'വഹ്ദ്' എന്ന അറബി പദത്തിൽ നിന്നാണ് തൗഹീദ് എന്ന വാക്കിൻറെ ഉത്ഭവം. ഏകനാക്കി, ഏകനാക്കൽ എന്നൊക്കെയാണിതിൻറെ ഭാഷാർത്ഥം.

വിശുദ്ധ ഖുർആനിൽ ഇരുന്നൂറിലധികം പ്രാവശ്യം ഏകദൈവത്വത്തെ കുറിച്ച് പരാമർശിക്കുന്നുണ്ട്. എന്താണ് 'തൗഹീദ്? അതെ ,വിശാലാർത്ഥത്തിൽ, ആരാധ്യനായിരിക്കുക എന്നതിലും അതിൻറെ പ്രത്യേകതകളും അല്ലാഹുവിന് ഒരു പങ്കാളി ഇല്ല എന്ന അടിയുറച്ച വിശ്വാസമാണ് തൗഹീദ്.

ബഹുദൈവത്വത്തെ എല്ലാ നിലക്കും ഇസ്‌ലാം എതിർക്കുന്നുണ്ട്. ഒരാൾ മുസ്‌ലിമാകണമെങ്കിൽ അല്ലാഹുവല്ലാതെ മറ്റൊരു ഇലാഹില്ല എന്നത് വിശ്വസിക്കണമല്ലോ. വിശുദ്ധ ഖുർആനിലെ 112 ആം അധ്യായമായ സൂറത്തുൽ ഇഖ്‌ലാസിലൂടെ തൗഹീദിന്റെ വിവക്ഷ വിശുദ്ധ ഖുർആൻ വ്യക്തമാക്കുന്നുണ്ട്. എല്ലാവർക്കും എല്ലാ കാര്യങ്ങളിലും അവലംബമായുള്ളവനായും ,സ്വയംപര്യാപ്തനായും, മറ്റൊരു ശക്തിയേയും ആശ്രയിക്കേണ്ടാത്തവനായും, എല്ലാ വസ്തുക്കളാലും ആശ്രയിക്കുകപ്പെടുന്നവനുമായി അള്ളാഹു മാത്രമേയുള്ളൂ.

ഇലാഹായി അള്ളാഹു മാത്രമേയുള്ളൂ. ഇബാദത്തിന് അർഹനായവനെയാണ് ഇലാഹ് എന്ന് വിളിക്കുന്നത്. ദിവ്യത്വം ഉള്ളവൻ മാത്രമല്ലേ ആരാധനയും വണക്കവും അർഹിക്കുന്നുള്ളൂ. ഈ ദിവ്യത്വം അല്ലാഹുവിനാണുള്ളത്. അവനാകട്ടെ അതൊരുത്തർക്കും പങ്കുവെച്ചിട്ടുമില്ല. ആരെങ്കിലും അല്ലാഹുവിനെയല്ലാതെ മറ്റാരെയെങ്കിലും ദൈവമായി അംഗീകരിക്കുകയോ അവന്റെ ശക്തികളിലോ അധികാരങ്ങളിലോ ഗുണവിശേഷങ്ങളിലോ മറ്റാർക്കെങ്കിലും പങ്കാളിത്തം ആരോപിക്കുകയും ചെയ്യുന്നുവെങ്കിൽ അത് അസത്യവും ദുർമാർഗവും ആണ്. അതിനാണ് ശിർക്ക് എന്ന് പറയുന്നത്. ശിർക്കിനെ ഏറ്റവും വലിയ അതിക്രമമായാണ് ഖുർആൻ പരിചയപ്പെടുത്തുന്നത്. അല്ലാഹു ഒരിക്കലും പൊറുക്കാത്ത പാപമാണത്.

ഇസ്‌ലാമിനെ കെട്ടിപ്പടുത്തിരിക്കുന്ന പഞ്ചസ്തംഭങ്ങളിൽ ആദ്യത്തേതും അല്ലാഹുവല്ലാതെ മറ്റൊരു ഇലാഹില്ല എന്ന വിശ്വാസമാണ്.


അല്ലാഹുവിൻറെ വിധിവിലക്കുകൾ അനുസരിച്ചുകൊണ്ട് യഥാർത്ഥ മുത്തഖികളായി ജീവിച്ച് മരിക്കാൻ അല്ലാഹു നമ്മെ അനുഗ്രഹിക്കട്ടെ, ആമീൻ

Fuad saneen.k
IXth Std

# ചങ്ങാതി

ഓരോ കാഴ്ചയും
ഓരോ ഓർമ്മയാകുന്നു
അപ്രതീക്ഷിതങ്ങളുടെ
ഒരു നട്ടുച്ചയിൽ
മിനാരങ്ങളുടെ
തണലിൽ വെച്ച്
കൊഴിഞ്ഞുവീണ
കൊന്നപൂക്കളിൽ
എനിക്ക് എന്റെ
ചങ്ങാതിയെ കിട്ടുന്നു....
ഞാനാരാണെന്നോ...
നീയാരെന്നോ...
ചോദിക്കാതെ...
സൗഹൃദത്താൽ..
കരൾ നിറഞ്ഞ്...........
എന്റെ ചങ്ങാതി............

**Fidha sherin. K**
Class X K



# കുറുക്കനും മുതലയും





മുതലയും ഞണ്ടും കൂട്ടുകാരായിരുന്നു. മുതലയ്ക്ക് കുറുക്കന്റെ ഇറച്ചി തിന്നണമെന്ന് ആശ തോന്നി. മുതലയെ സഹായിക്കാൻ ഞണ്ട് തയ്യാറായി. ഞണ്ടുപോയി കുറുക്കനെ മുതലയുടെ കുളത്തിലേക്ക് കൊണ്ടുവന്നു. കുളത്തിൽ ധാരാളം മീനുണ്ട്, അവയെ പിടിച്ചു തിന്നുകൊള്ളാൻ പറഞ്ഞ് കുറുക്കനെ ഞണ്ട് കുളത്തിൽ ഇറക്കി.

കുറുക്കൻ പെട്ടെന്ന് മുതലയെ കണ്ടു പേടിച്ചു തിരിഞ്ഞോടാൻ ഭാവിച്ചു. "കുറുക്കച്ചാ, ആ മുതല ചത്തതാണ്. നീ പേടിക്കേണ്ട," ഞണ്ട് ഒരു നുണ തട്ടിവിട്ടു. കുറുക്കനും മോശക്കാരനല്ലായിരുന്നു. അവൻ പറഞ്ഞു. "ചത്ത മുതലയാണെങ്കിൽ അത് വാൽ ആട്ടുമല്ലോ. ഈ മുതല വാൽ ആട്ടാത്തതെന്താ?"

അതു കേട്ടപ്പോൾ മുതല വിചാരിച്ചു താൻ ചത്തതാണെന്ന് കുറുക്കനെ ബോധ്യപ്പെടുത്താൻ വാലാട്ടണമെന്ന്. അവൻ തന്റെ വാൽ ആട്ടാൻ തുടങ്ങി. അതു കണ്ട കുറുക്കന് മനസ്സിലായി, മുതല ചത്തിട്ടില്ലെന്ന്. ഞണ്ട് തന്നെ മുതലയുടെ ആഹാരമാക്കാനാണ് കൊണ്ടുവന്നിട്ടുള്ളതെന്നും അവന് ബോധ്യമായി. കുറുക്കൻ പറഞ്ഞു "എടാ ഞണ്ടേ നിന്റെയും മുതലയുടെയും തന്ത്രം എനിക്കു മനസ്സിലായി. നിങ്ങളെ ഞാൻ വെറുതെ വിടില്ല. ഇപ്പോൾ ഞാൻ പോകുന്നു. സൂക്ഷിച്ചോ!"

അതു കേട്ട് ഞണ്ടും മുതലയും ഞെട്ടി. അവർ പിന്നെ ആരെയും ചതിക്കാൻ ശ്രമിച്ചിട്ടില്ല.

Minha P
9 G

# LIFE

Life is a challenge meet it
Life is a gift -accept it
Life is a sorrow - overcome it
Life is a tragedy - face it
Life is a mystery- unfold it
Life is an opportunity- take it
Life is a promise - complete it
Life is a struggle - fight it
Life is a goal- achieve it
Life is a love- love it
Life is an adventure- have fun
Life is duty- perform it
Life is a beauty-praise it
Life is great - make something good of it
life is a celebration-eat ,laugh and meditate upon.

**Adeeba KP IX**



# സി.ടി സ്വാദിഖ് മൗലവി സ്വർഗം
# കിനാവുകണ്ട ജീവിതം

പകൽ മുഴുവൻ മനുഷ്യരോട് ചിരിച്ചുകൊണ്ട് സംസാരിക്കുകയും പതിരാത്രിയിൽ
അല്ലാഹുവിന്റെ മുന്നിൽ പൊട്ടിക്കരയുകയും ചെയ്ത നിഷ്കളങ്കനായ വ്യക്തിത്വമായിരുന്നു സി.ടി സ്വാദിഖ് മാലവി.സി.ടി സ്വാദിഖ് മൗലവിയെ കുറിച്ച് അദ്ദേഹത്തിന്റെ മക്കൾ ഉൾപ്പെടെ 20 പേരുടെ ഓർമകളാണ്' സി.ടി സ്വാദിഖ് മൗലവി സ്വർഗം


കിനാവുകണ്ട ജീവിതം എന്ന പുസ്തകം. Alumni Al Jamia Shandapuram ആണ് ഇതിന്റെ publisher.2015 ഡിസംബറിൽ ഇറങ്ങിയ പുസ്തകത്തിന്റെ എഡിറ്റിംഗ് നടത്തിയത് ശാന്തപുരം ചീഫ് ലൈബ്രേറിയൻ ശമീം ചൂനൂർ ആണ്. ഡോ. കൂട്ടിൽ മുഹമ്മദലി സാഹിബ് അവതാരിക എഴുതിയ പുസ്തകത്തിന് ഹൈദറലി ശാന്തപുരമാണ് മുഖക്കുറി എഴുതിയത്.
1951 മെയ് 30ന് മലപ്പുറം ജില്ലയിലെ മേലാറ്റൂരിലായിരുന്ന സ്വാദിഖ് മൗലവിയുടെ ജനനം.2 വയസ്സ് തികയും മുമ്പുതന്നെ മാതാവ് മരണപ്പെട്ടു. കൂടുതൽ കേൾക്കുകയും കുറച്ചു മാത്രം സംസാരിക്കുകയും ചെയ്ത വ്യക്തിയായിരുന്നു മൗലവി.സ്വാദിഖ് മൗലവി എപ്പോഴും ഓർമപ്പെടുത്തിയിരുന്നു 'അല്ലാഹു നമുക്ക് ഒരു നാവും രണ്ടു ചെവിയുമാണ് തന്നിട്ടുള്ളത് അതിനാൽ, കൂടുതലായി മറ്റുള്ളവർ പറയുന്ന് കേൾക്കുകയും കുറച്ചു മാത്രം സംസാരിക്കുകയുമാണ് വേണ്ടത്. 'സ്വർഗം കിനാവു കണ്ട വ്യക്തിയായിരുന്നു മൗലവി.മൗലവിയുടെ ഇഷ്ടവിനോദമായിരുന്നു സുഹ്ദ്. കഴുത്തിൽ തൂക്കിയ ഒരു പുള്ളിത്തട്ടമായിരുന്നു സ്വാദിഖ് മൗലവി കൊണ്ടു നടന്ന ഏക ആഡംബര വസ്തു. പള്ളി ഇമാം, അധ്യാപകൻ തുടങ്ങി ഇസ്ലാമിക പ്രസ്ഥാനത്തിന്റെ വിവിധ ചുമതലകൾ അദ്ധേഹം വഹിച്ചിട്ടുണ്ട്. ഇസ്ലാമിക പ്രവർത്തകനാകാം എന്നതിന് മികച്ച മാതൃകയാണ് മൗലവി. പുതുമയും പഴമയും സമന്വയിപ്പിക്കാൻ മൗലവിക്ക് അസാമാന്യ മിടുക്കുായിരുന്നു.അതുകൊണ്ടു തന്നെ ചെറുപ്പക്കാർ അദ്ധേഹത്തെ വളരെയേറെ ഇഷ്ടപ്പെട്ടു. ലാളിത്യത്തിന്റെ പ്രതീകമായിരുന്നു മൗലവി.സ്വാദിഖ് മൗലവി ഏത് സന്ദർഭത്തിലും ക്ഷമിക്കാൻ കഴിയുന്ന വ്യക്തിത്വത്തിനുടമയായിരുന്നു.സമൂഹത്തിലെ എല്ലാ അസുഖങ്ങൾക്കും മൗലവിയുടെ പക്കലുണ്ടായിരുന്ന മരുന്ന് സ്നേഹം മാത്രമായിരുന്നു. ഖുർആനും, സുന്നത്തും, കർമശാസ്ത്രവും, ചരിത്രവും നന്നായി പഠിച്ച മൗലവി കഥയും,കവിതയും, നോവലും വായിക്കുന്ന മതപണ്ഡിതൻ കൂടിയായിരുന്നു.
1980ൽ ആണ് മൗലവി ജമാഅത്തെ ഇസ്ലാമിയിൽ അംഗമായത്. ഫീൽഡ് അക്ടിവിസമായിരുന്നു മൗലവിക്ക് പ്രിയങ്കരം.തന്റെ പ്രവത്തന മണ്ഡലത്തിൽ വെച്ച് മരണപ്പെടാനാണ് മൗലവി ആഗ്രഹിച്ചത്. മലപ്പുറം പറവണ്ണയിൽ ജമാഅത്ത് യോഗത്തിൽ പങ്കെടുത്ത് കൊണ്ടിരിക്കെ ശാരീരിക അവശത അനുഭവപ്പെട്ടതിനെ തുടർന്ന് ആശുപത്രിയിൽ പ്രവേശിക്കപ്പെട്ട മൗലവി 2015 ഫെബ്രുവരി 3ന് ഇഹലോകവാസം വെടിഞ്ഞു.
മൗലവി ഇഹലോകവാസം വെടിയുമ്പോൾ മൗലവി ആ മാസം നടത്താൻ നിശ്ചയിക്കപ്പെട്ടിരുന്ന സന്ദർശന പരിപാടികളുടെ ലിസ്റ്റ് നോട്ടുപുസ്തകത്തിൽ കുറിച്ച് വെച്ചിരുന്നു.ഇതിലെ ആദ്യത്തെ പരിപാടിക്ക് ശേഷമാണ് മൗലവി ഇഹലോകവാസം വെടിഞ്ഞത്.ജീവിതത്തിൽ ഒരിക്കലെങ്കിലും ഈ പുസ്തകം നാമോരോരുത്തരും നിർബന്ധമായും വായിച്ചിരിക്കണം.

അല്ലാഹു നമ്മെയും അദ്ദേഹത്തെയും ജന്നാത്തുൽ ഫിർദൗസിൽ ഒരുമിച്ചു കൂട്ടുമാറാകട്ടെ ആമീൻ

Ashmil EK

# കേരളവും മനുഷ്യനും

അന്നാണെങ്കിലോ സ്നേഹവും സൗഹൃദവും
ഇന്നാണെങ്കിലോ കൊലയും കൊള്ളയും
പ്രകൃതിരമണീയമാമെൻ കേരളമേ..... എങ്ങു പോയ് നിൻ പ്രകാശം
കാടായ കാടെല്ലാം വെട്ടിത്തെളിയിച്ച മനുഷ്യാ
ഇനിയും മതിയായില്ലേ നിൻ ദുരാഗ്രഹം
പച്ച പിടിച്ച മലകളേയും പച്ചപ്പായ നെൽപ്പാടങ്ങളേയും നീ നിൻ കെട്ടിടങ്ങൾക്കായി നശിപ്പിച്ചില്ലേയോ...?
പണത്തിനായി നീ ചോര ചിന്തിയതെന്തുമാത്രം
എത്ര കിട്ടിയാലും മതിവരാത്ത നിൻ മനസ്സിനെ എങ്ങനെ മാറ്റാനാകും മനുഷ്യാ...
നിനക്കു മാത്രമല്ല; സകല ജീവജാലങ്ങൾക്കുമാണീ കേരളനാട്
അന്ധകാരത്തിൽ നിന്നും വെളിച്ചത്തിലേക്കെത്തൂ മനുഷ്യാ...
കൊണ്ടു വരാം നമുക്കൊരു പൊൻപുലരിയെ
ജീവിക്കാം നമുക്കാശങ്കയില്ലാതെ...
ഒത്തുകൂടാം നമുക്കൈക്യത്തോടെ..



Ahammad AL Amri EK
IX G. PTMHS

# Painting



Aboobacker Razi
Class IX N



Ajeeba Sherin
Class IX J




Ajeeba Sherin
Class IX J



Ramees IX
Class IX N



Abdul Nihal RK
Class xII



MUHAMMED SHEFIN.P
PTMHSS - Class IX G

# ജീവിതാവസാനം

ഓർമിക്കുവാൻ ഞാൻ ഭയക്കുന്ന കാലമെന്നോർമകളിലോർമയായി മിന്നുമക്കാലം
ഞാൻ കാണും കിനാവിനുള്ളിലെ യാത്മാവന്നമ്മതൻ
സ്നേഹത്തിൻ വിലയായിരുന്നു.
ഞാൻ കേൾക്കും മൊഴിക്കുള്ളിലെ കണ്ണീര്
അമ്മ തൻ കദനത്തിൻ മുറിവായിരുന്നു.
ഞാനിന്നുമേൽക്കും സുഖത്തി
ന്നടങ്ങാത്ത പങ്കിന്റെ പേരാണമ്മ.
കാണാൻ കൊതിക്കുന്നുമാ സ്നേഹദേവതയെ
കാണാൻ മറന്നയാ ബാല്യകാലത്തെ
എൻ നെഞ്ചിലെ മുറിവു മായ്ക്കുമെന്നമ്മയെ
എൻ നെഞ്ചം പിളർത്തുന്ന വാക്കിന്നുടമയെ
ഓർമിക്കുവാൻ ഞാനിടറുന്ന കാലത്തെ ഓർമ്മയിൽ വിതുമ്പുമാ വാക്കിന്റെയർഥത്തെ.
ആയുസ്സിനന്ത്യത്തിൽ
ഇടറി വീണന്നമ്മയെ
പ്രായത്തിൽ മധ്യത്തിൽ
ഇടറുമെന്നോർമകൾ.
ഇന്നെന്റെ ഓർമയിൽ നീറുന്ന രൂപമാ പണ്ടെന്റെ യോർമ്മയെ കത്തിച്ച കാലമെന്നോർക്കുവിൻ
കാണാൻ കൊതിക്കുന്ന വാത്സല്യദേവതയെ
കാണാൻ മറന്നൊരാബല്യത്തെ.
സൂര്യനെ കാത്തു നിൽക്കും പൂവുപോൽ കാത്തിരിപ്പൂ യെന്നമ്മയെ ഞാനിപ്പോൾ.
പുഞ്ചിരി തൂകുമാ പണ്ടത്തെ ഓർമയിൽ
സഞ്ചരിക്കുമീയെൻ വിരഹത്തിൻ കണ്ണുനീർ.
സ്നേഹാ വെളിച്ചത്തിൽ തിളങ്ങുമാ പുഞ്ചിരി
ചന്ദ്രിക പോൽ കുളിരൂ നിറച്ചെന്നകം.
എന്നുമെൻ പ്രാർഥന ഉണ്ടുനിനക്കെന്നമ്മേ
കാരുണ്യ സിന്ധുവിൻ തലോടലുമാവുമെന്നും .



ഷാനാ ജാസ്മിൻ
പന്ത്രണ്ടാം തരം
വാദിറഹ്മ ഇംഗ്ലീഷ് സ്കൂൾ കൊടിയത്തൂർ

Lead Square
W A D I R A H M A

Kodiyathur
Mukkam,Calicut-673602
04952209137
www.wadirahma.org
alislahwadirahma@gmail.com